സ്ഥയിൽ(കയോസ്)നിന്നു നൃത്തംചെയ്യുന്ന ഒരു നക്ഷത്രം ഉളവാകുന്നതിനെപ്പററി കാവ്യഭാഷയിൽ പറയാൻ രസമുണ്ട്. പക്ഷേ, പ്രായോഗിക രാഷ്ട്രതന്ത്രം അനുശാസിക്കുന്നതു വ്യവസ്ഥ ഒരിക്കൽ തകർന്നാൽ പിന്നെ രണ്ടാമതു് അതു പടുത്തുയർത്തുക കൃച്ഛ്രസാദ്ധ്യമാണെന്നത്രേ. വ്യവസ്ഥ തകർന്നാൽ ഉണ്ടാവുന്നതു കലാപവും പട്ടാളത്തിന്റെ ഏകാധിപത്യവും ഒക്കെയായിരിക്കും. കാരണം, രാഷ്ട്രീയപ്പാർട്ടികൾ പരാജയപ്പെട്ടാൽപ്പിന്നെ സംഘടനയും ശക്തിയുമുള്ള പട്ടാളമല്ലാതെ ആരുണ്ട് അധികാരം കൈയാളാൻ?

'രാഷ്ട്രീയ മോർച്ച' രൂപവല്ക്കരിക്കപ്പെട്ടിട്ടുള്ള. തിരഞ്ഞെടുപ്പിനുമുമ്പു പല വൈതരണികളും അതിനു കടക്കേണ്ടതുണ്ട്. ഒരു വശത്തു് ബി. ജെ. പി.യുമായും (ഒരുപക്ഷേ, മുസ്ലിംലീഗുമായും) മറുവശത്തു് മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടികളുമായും ഒത്തുതീർപ്പുണ്ടാക്കാൻ 'മോർച്ച' നേതാക്കൾ ആഗ്രഹിക്കുന്നുണ്ട്. അധികാരത്തിനുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്തവരാണ് 'മോർച്ച'യുടെ പല നേതാക്കളും. മുമ്പ് അധികാരത്തിലിരിക്കെ അവരിൽ പലരും അഴിമതിയാരോപണങ്ങൾക്കു വിധേയരായിട്ടുണ്ട്. ഇനിയങ്ങോട്ടു തിരഞ്ഞെടുപ്പിനു മുമ്പുള്ള ഒന്നരയോ രണ്ടോ വർഷക്കാലത്തേക്കു തങ്ങൾക്കിടയിൽ ഇന്നു കാണുന്ന ഐക്യം നിലനിർത്താൻ അവർക്കു കഴിയുമോ എന്നു കണ്ടുതന്നെ അറിയണം. എല്ലാ പാർലമെന്ററി നിയോജകമണ്ഡലങ്ങളിലും സർവസമ്മതരായ സ്ഥാനാർത്ഥികളെ നിർത്തി ദ്വികോണമത്സരത്തിനു് കോൺഗ്രസ്സിനെ നിർബന്ധമാക്കാൻ മോർച്ചയ്ക്കു സാധിക്കുമോ എന്നു് ഇപ്പോൾ പറയാനാവില്ല.

അതെന്തായാലും ജനാധിപത്യരാഷ്ട്രീയത്തിൽ ദീർഘകാലത്തേക്കു ഗുണംചെയ്യുന്ന ഒരേർപ്പാടാണ് 'രാഷ്ട്രീയ മോർച്ച'യുടെ രൂപവല്ക്കരണം എന്നു തോന്നുന്നില്ല. മറിച്ച്, ജനാധിപത്യസംവിധാനത്തിന്റെ അവശേഷിച്ച ഘടകങ്ങളെക്കൂടി അപ്രസക്തങ്ങളാക്കാനും ശക്തി തുലോം കുറഞ്ഞതും അഴിമതി തുലോം കൂടിയതുമായ ഒരു ഓളിഗാർക്കി (ബഹുവ്യക്തി ഭരണം) സ്ഥാപിക്കാനുമാണ് അതു് ഉപകരിക്കുകയെന്നു് എനിക്കു തോന്നുന്നു. ഇതെന്റെ ഭയമാവാം; പക്ഷേ, ഈ ഭയം അകാരണമല്ല.

രാഷ്ട്രീയചിന്തകന്മാർ ഈ കാര്യം ചർച്ചാവിഷയമാക്കിയാൽ കൊള്ളാം. രാജീവവിരോധമോ കോൺഗ്രസ് വിരോധമോ അവരെ അന്ധരാക്കുന്നില്ലെങ്കിൽ 'രാഷ്ട്രീയ മോർച്ച' ഒരു പാർട്ടിയല്ല, മറിച്ച് ഒരു 'ജൂണ്ട' ആണെന്നും അതിന്റെ കൈയിൽവരുന്ന അധികാരം 'ഡെമോക്രസി'യായിരിക്കുകയില്ല, മറിച്ച് 'ഓളിഗാർക്കി' ആയിരിക്കുമെന്നും മനസ്സിലാക്കാൻ അവർക്കു വിഷമമുണ്ടാവില്ല.

(11 ആഗസ്റ്റ്, 1988)

## 27. രാഷ്ട്രീയപ്പാർട്ടികൾ ഇൻഡ്യയിൽ...

നല്ലതായാലും ചീത്തയായാലും ഒരു സർക്കാർ ഉണ്ടായിരിക്കുന്നതാണ് പൂർണമായ അരാജകത്വത്തെക്കാൾ എത്രയോ ഭേദം. സ്വാതന്ത്ര്യം നേടിക്കഴിഞ്ഞതിനു ശേഷമുള്ള നാലു ദശാബ്ദങ്ങളിൽ സർക്കാർ നിലവിലില്ലെന്നു തോന്നിക്കുന്ന വിധത്തിലുള്ള സംഭവപരമ്പരകൾ ഇന്ത്യയുടെ ചില ഭാഗങ്ങളിൽ ഉണ്ടാകാതിരുന്നിട്ടില്ല. എന്നാൽ, അതിബൃഹത്തായ ഈ രാജ്യത്തിന്റെ ഏതാനും ചില മൂലകളിൽ, അതും ഒന്നോ രണ്ടോ ദിവസങ്ങളോളം മാത്രമാണ് ഇത്തരം അരാജകത്വം അഴിഞ്ഞാടിയിട്ടുള്ളതു്. അവിടെയൊക്കെ വ്യവസ്ഥാപിതഭരണം വേഗം പുനഃസ്ഥാപിക്കപ്പെട്ടു. നിയമാനുസൃത പ്രവർത്തനങ്ങൾ പഴയപടി വീണ്ടും നടപ്പിൽവന്നു. ഇന്ദിരാഗാന്ധിയുടെ വധംപോലെയുള്ള അപ്രതീക്ഷിത

ദേശീയ ദുരന്തങ്ങൾ സംഭവിച്ചപ്പോഴും കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും ഭരണസംവിധാനങ്ങൾ സ്തംഭിക്കാതെ പ്രവർത്തിച്ചു. ഇതിനു നാം നന്ദി പറയേണ്ടതു് സ്വാതന്ത്ര്യവും വിശിഷ്ടമായ ഒരു ഭരണഘടനയും നമുക്കു സമ്മാനിച്ച മുൻതലമുറയോടാണു്. അവരുടെ സുകൃതമാണു് ഇന്നും ഇന്ത്യയെ അരാജകത്വത്തിൽ മുഴുകിപ്പോകാതെ കാക്കുന്നതു്.

എല്ലാ കാലത്തും ഈ നില തുടരുമെന്നു പ്രതീക്ഷിക്കേണ്ടതില്ല. അയൽനാടുകളിലെ, പാകിസ്ഥാനിലെയും അഫ്ഗാനിസ്ഥാനിലെയും ബംഗ്ലാദേശിലെയും ബർമയിലെയും ശ്രീലങ്കയിലെയും സംഭവവികാസങ്ങൾ നമുക്കു് പാഠമാകേണ്ടവയാണു്. ജനാധിപത്യമല്ലാതെ മറ്റൊരു ഭരണവ്യവസ്ഥ മേലിൽ ഇന്ത്യയിൽ ഉണ്ടാകാൻ സാധ്യതയില്ല. ഉണ്ടാവുകയും അരുതു്. പക്ഷേ, അത്യന്തം ശ്രദ്ധയോടെ സംരക്ഷിക്കപ്പെടേണ്ട ഒരു ഭരണസംവിധാനമാണു് ജനാധിപത്യം. ജനാധിപത്യത്തിന്റെ അസ്ഥിവാരത്തെ നാം നിരന്തരം ശക്തിപ്പെടുത്തുന്നില്ലെങ്കിൽ നിനച്ചിരിക്കാത്ത ഘട്ടങ്ങളിൽ അതു തകർന്നു വീണുവെന്നുവരാം.

ഇന്ത്യയിൽ നാം നടപ്പിൽവരുത്തിയതരം ജനാധിപത്യത്തിനു് ഒന്നിലേറെ രാഷ്ട്രീയപ്പാർട്ടികൾ അനുപേക്ഷണീയങ്ങളാണു്. ബഹുജനസമ്മതത്തോടെ ജനപ്രതിനിധികൾ നിയന്ത്രിക്കുന്ന ഉദ്യോഗസ്ഥഭരണമാണു് ജനാധിപത്യം. തങ്ങളുടെ അവകാശങ്ങളെയും ബാധ്യതകളെയും പറ്റി ഉൽബുദ്ധമായ ബോധം ഓരോ പൗരനും ഉണ്ടായാൽ മാത്രമേ ജനപ്രതിനിധികളുടെ നിയന്ത്രണത്തിനു ബഹുജനസമ്മതത്തിന്റെ പിൻബലം കൈവരികയുള്ളൂ. ഈ ബോധം പൗരന്മാരിൽ നിരന്തരം ഉളവാക്കി നിലനിർത്തുകയെന്ന വിദ്യാഭ്യാസപരമായ കടമ ജനാധിപത്യത്തിൽ രാഷ്ട്രീയപ്പാർട്ടികളുടേതാണു്. പുസ്തകങ്ങൾ, പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ, സിനിമ മുതലായ മാധ്യമങ്ങളെ ഈ ആവശ്യത്തിനു പരമാവധി ഉപയോഗപ്പെടുത്താം. അതേസമയം, സർക്കാരിന്റെ നയം നിർധാരണം ചെയ്യുന്നതിലും ആ നയത്തിന്റെ പ്രായോഗിക വിശദാംശങ്ങൾ ജനങ്ങളെ ധരിപ്പിക്കുന്നതിലും നേതൃത്വം നൽകേണ്ടതു് രാഷ്ട്രീയപ്പാർട്ടികളാണു്.

അർഹരായ ജനപ്രതിനിധികളെ നിയമസഭകളിലെത്തിക്കേണ്ട ചുമതലയും രാഷ്ട്രീയപ്പാർട്ടികൾക്കുണ്ടു്. പാർട്ടിപ്രവർത്തനത്തിലൂടെ നിസ്വാർത്ഥതയും സേവനസന്നദ്ധതയും ജനാധിപത്യമൂല്യങ്ങളിൽ ആസ്ഥയും തെളിയിച്ചവരെ മാത്രമേ തെരഞ്ഞെടുപ്പിനു സ്ഥാനാർത്ഥികളായി നിർത്താവൂ. ഗുണ്ടനും അടകോടനും മാത്രമല്ല, കൊള്ളക്കാരനും കള്ളക്കടത്തുകാരനും മയക്കുമരുന്നു കച്ചവടക്കാരനും, എല്ലാത്തരം സമൂഹദ്രോഹികളും തെരഞ്ഞെടുപ്പിനു സ്ഥാനാർത്ഥികളായി നിന്നുവെന്നുവരും. വാരിക്കോരി ചെലവുചെയ്യാൻ ഇവരുടെ കൈയിൽ പണവും കാണും. ജയിലിൽ പാർക്കേണ്ട ഇത്തരക്കാർ നിയമസഭകളിലെത്താതെ നോക്കേണ്ട ബാധ്യത രാഷ്ട്രീയപ്പാർട്ടികൾക്കുള്ളതാണു്. തെരഞ്ഞെടുപ്പിനു വർഷങ്ങൾമുമ്പുതന്നെ തങ്ങൾ ആരെയൊക്കെ സ്ഥാനാർത്ഥികളായി നിർത്താനുദ്ദേശിക്കുന്നുവെന്നു് പാർട്ടികൾ പ്രഖ്യാപിക്കണം. ഈ സ്ഥാനാർത്ഥികളുടെ പൊതുജീവിതവും സ്വകാര്യജീവിതവും തുറന്നുവെച്ച പുസ്തകംപോലെ എക്കാലവും ബഹുജനങ്ങളുടെ മുന്നിൽ ഉണ്ടായിരിക്കുകയും വേണം.

നിയമസഭയിലെത്തിക്കഴിഞ്ഞ സ്ഥാനാർത്ഥികളെ ബഹുജനങ്ങളുടെ പ്രതീക്ഷകളെപ്പറ്റി ഇടവിടാതെ ഉൽബോധിപ്പിച്ചുകൊണ്ടിരിക്കേണ്ട ഉത്തരവാദിത്വവും രാഷ്ട്രീയപ്പാർട്ടികൾക്കുണ്ടു്. ചുരുക്കത്തിൽ ജനപ്രതിനിധികളെയും ബഹുജനങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയാണു് രാഷ്ട്രീയപ്പാർട്ടി.

ഇപ്പറഞ്ഞ കർത്തവ്യങ്ങൾ നിർവഹിക്കാൻ കഴിയണമെങ്കിൽ പാർട്ടി ജനാധിപത്യ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചതായിരിക്കണം. അതിലെ

പ്രാഥമികാംഗങ്ങൾ നിശ്ചിതകാലങ്ങളിൽ വരിസംഖ്യ അടച്ച് അംഗത്വം പുതുക്കണം. അതാതുകാലങ്ങളിൽ തയ്യാറാക്കുന്ന വോട്ടർപട്ടികയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ രാഷ്ട്രീയപ്പാർട്ടികളുടെ ഓരോ പ്രാദേശികഘടകത്തിനും ഉണ്ടാവണം. പ്രാദേശികഘടകങ്ങളുടെ ദൈനംദിനപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാൻ ലക്ഷ്യബോധവും ശിക്ഷണവുമുള്ള മുഴുസമയപ്രവർത്തകർ വേണം. പ്രാദേശികഘടകങ്ങൾ തെരഞ്ഞെടുക്കുന്ന അംഗങ്ങളടങ്ങിയ ഉപരിഘടകങ്ങൾ ഉണ്ടായിരിക്കണം.

ഈ ഘടകങ്ങളെയെല്ലാം ഒരു ചരടിലിണക്കിക്കോർക്കുന്ന സമർത്ഥമായ ഒരു കേന്ദ്രനേതൃത്വവും ഓരോ രാഷ്ട്രീയപ്പാർട്ടിക്കും ആവശ്യമാണ്. ഭരണകാര്യങ്ങളിൽ മാത്രമല്ല, ജനജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിലെല്ലാംതന്നെ സ്വാധീനംചെലുത്തുന്ന വിഷയങ്ങളിൽ വൈദഗ്ദ്ധ്യം നേടിയ ഒട്ടേറെ ഉപദേഷ്ടാക്കളും ഈ കേന്ദ്രനേതൃത്വത്തെ സഹായിക്കാനുണ്ടാവണം.

ഏറെക്കുറെ ഇപ്പറഞ്ഞതെല്ലാം ഒരു കാലത്ത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ ഒത്തുചേർന്നിരുന്നു. എന്നാൽ, ഇന്ന് ആ സംഘടനയെ ഒരു രാഷ്ട്രീയപ്പാർട്ടി എന്നു വിളിക്കുക പ്രയാസമാണ്. 1969–ൽ ഉണ്ടായ വലിയ പിളർപ്പിനുശേഷം ആ പാർട്ടിയുടെ സംഘടന രണ്ടാമതും പടുത്തുയർത്താൻ ഗൗരവമുള്ള ശ്രമമൊന്നും നടന്നില്ല. തന്നോട് കൂറുള്ളവരെ ഇന്ദിരാഗാന്ധി പാർട്ടിയിലെ വ്യത്യസ്തപദവികളിൽ പ്രതിഷ്ഠിക്കുകയുണ്ടായി. എന്നാൽ, പാർട്ടിയിലേക്കു തെരഞ്ഞെടുപ്പുകൾ നടത്താതായി. 1971—72–ലെ തെരഞ്ഞെടുപ്പിലുണ്ടായ വിജയം ഇന്ദിരാഗാന്ധിക്ക് പാർട്ടിസംഘടനയിൽ താല്പര്യം ഇല്ലാതാക്കുകയാണുചെയ്തത്. കാരണം, വോട്ടുകൾ നേടുന്നത് പാർട്ടിയല്ല, നേതാവാണ് എന്ന നിലവന്നു. അടിയന്തിരാവസ്ഥവരെ ഈ സ്ഥിതി തുടർന്നു. അടിയന്തിരാവസ്ഥക്കാലത്താകട്ടെ സഞ്ജയ്ഗാന്ധിയുടെ യൂത്ത്കോൺഗ്രസ് പ്രവർത്തകർ പാർട്ടി അപ്പാടെ കൈയടക്കി. 1976 നവംബറിൽ ഗൗഹാട്ടിയിൽ ചേർന്ന എ. ഐ. സി. സി. സമ്മേളനത്തിൽ ഈ വസ്തുത ആഹ്ലാദപൂർവം ഇന്ദിരാഗാന്ധി അംഗീകരിക്കുകയുംചെയ്തു.

1977 മാർച്ചിലെ തെരഞ്ഞെടുപ്പിൽ നേരിട്ട പരാജയം കോൺഗ്രസ് പാർട്ടിയെ വീണ്ടും തളർത്തി. തുടർന്ന് 1978 ജനുവരിയിൽ തന്റെ അനുയായികളെ ഒന്നിച്ചുനിർത്താൻ ഇന്ദിരാഗാന്ധി ഒരു പരിശ്രമംകൂടി നടത്തി. വീണ്ടും അധികാരം ഇന്ദിരാഗാന്ധിയുടെ കൈകളിലെത്തിയപ്പോഴും പാർട്ടി പുനസ്സംഘടിപ്പിക്കപ്പെട്ടില്ല. ഇതിനൊരു ശ്രമമുണ്ടായത് സഞ്ജയ്ഗാന്ധിയുടെ മരണത്തിനുശേഷമാണ്.

രാജീവ്ഗാന്ധി കോൺഗ്രസ് പ്രസിഡണ്ടായപ്പോൾ പാർട്ടി പുനസ്സംഘടിപ്പിക്കപ്പെടുമെന്ന പ്രതീക്ഷ പലർക്കുമുണ്ടായി. കോൺഗ്രസ്സിന്റെ ശതവാർഷികത്തോടനുബന്ധിച്ച് 1985 മെയ്മാസത്തിൽ ദില്ലിയിൽ ചേർന്ന എ. ഐ. സി. സി. സമ്മേളനം ഉദ്ഘാടനംചെയ്തുകൊണ്ട് രാജീവ്ഗാന്ധി 1985–ൽത്തന്നെ പാർട്ടിക്കകത്ത് തെരഞ്ഞെടുപ്പുകൾ നടത്തുമെന്നു പ്രഖ്യാപിച്ചു. പാർട്ടിക്കകത്തു ചടഞ്ഞുകൂടിയിട്ടുള്ള അധികാര ദല്ലാളികളെ ആട്ടിപ്പായിക്കുമെന്നും അദ്ദേഹം പ്രതിജ്ഞചെയ്തു. നിർഭാഗ്യവശാൽ ഒന്നും നടന്നില്ല. ഗ്രാമംതോറും പ്രവർത്തകരെ നിയമിക്കുക, പുതിയ ആളുകളെ അധികാര സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുക, പഴയ പല 'പദവിധാരി'കളെയും പറഞ്ഞയയ്ക്കുക, പ്രവർത്തകർക്കു സെമിനാറുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുക മുതലായി പല ചൊട്ട്‌വിദ്യകളും നടത്തിനോക്കിയെങ്കിലും കോൺഗ്രസ് പാർട്ടിക്ക് ശരിയായ സംഘടനയോ വരിസംഖ്യ നൽകുന്ന മെംബർമാരുടെ പട്ടികയോ ഇന്നുമില്ല എന്നതാണു വസ്തുത.

കോൺഗ്രസ് പ്രവർത്തകസമിതിയോ പാർലമെന്ററി ബോർഡോ, മറ്റ് ഉപസമിതികളോ യഥാകാലം സമ്മേളിക്കാറില്ല. ഇവയിലെ അംഗങ്ങളുമായി കോൺഗ്രസ് അദ്ധ്യക്ഷൻ അഭിപ്രായവിനിമയം നടത്തുന്നുമില്ല.

സ്വന്തം ഉപദേഷ്ടാക്കളുമായി ആലോചിച്ച്, പലപ്പോഴും ആരോടും ആലോചിക്കാതെ അദ്ധ്യക്ഷൻ (രാജീവ്ഗാന്ധി) തീരുമാനങ്ങളെടുക്കുന്നു; മറ്റൊന്നും ചെയ്യാനില്ലായ്കയാൽ ഈ തീരുമാനങ്ങൾക്ക് പാർട്ടിഅംഗങ്ങൾ മൗനസമ്മതമോ വാചാലമായ പിൻതുണയോ നൽകുന്നു. കാര്യങ്ങളുടെ ഈ കിടപ്പിൽ ഒരു കോൺഗ്രസ്സുകാരനും സംതൃപ്തനല്ല. കോൺഗ്രസ്സുകാർക്കിടയിൽ അച്ചടക്കമില്ലെങ്കിൽ, അവരിൽ ഭൂരിഭാഗവും കോൺഗ്രസ്സുകാരായി സ്വയംപ്രഖ്യാപിക്കുന്നതു് സ്വാർത്ഥതാല്പര്യങ്ങൾ നേടിയെടുക്കാനാണെങ്കിൽ, അതിൽ നാം എന്തിന് അത്ഭുതപ്പെടണം?

കോൺഗ്രസ്സിനെ ഒരു രാഷ്ട്രീയപ്പാർട്ടിയെന്നു വിളിച്ചുകൂടെന്നു പറഞ്ഞതു് ഈ കാരണങ്ങളാലാണ്.

മറ്റു പാർട്ടികളുടെ സ്ഥിതിയും ഏറെയൊന്നും വ്യത്യസ്തമല്ല. കേന്ദ്രത്തിൽ ഒരു തവണ ഭരണം പിടിച്ചുപറ്റിയ ജനതാപ്പാർട്ടി ആഭ്യന്തരകലഹങ്ങൾകൊണ്ട് തകർന്നിരിക്കുകയാണ്. തങ്ങളുടെ എല്ലാ വിഴുപ്പുകളും പരസ്യമായി അലക്കിയെടുക്കുന്നതിരക്കിലാണ് ആ പാർട്ടി ഇപ്പോൾ. വിരലിലെണ്ണാവുന്ന അഖിലേന്ത്യാനേതാക്കളേ ആ പാർട്ടിക്കുള്ളു. അവർ ഓരോരുത്തരും മറ്റുള്ളവരെ എങ്ങനെ വെട്ടിൽ വീഴ്ത്താമെന്ന ആലോചനയിലാണെന്നേ നിഷ്പക്ഷനിരീക്ഷകർക്കു തോന്നുകയുള്ളു.

എ. (അജിത്സിംഹ്)യും ബി. (ബഹുഗുണ)യും ആയി പിരിഞ്ഞ ലോക്ദൾ കാഴ്ചവെക്കുന്ന ചിത്രവും വ്യത്യസ്തമല്ല. വി. പി. സിംഹ് അദ്ധ്യക്ഷനായുള്ള ജനമോർച്ച, ആ പേർ സൂചിപ്പിക്കുംപോലെ ഒരു പ്രസ്ഥാനമെന്ന നില വിട്ട് ഒരു പാർട്ടി എന്ന നിലയിലേക്ക് ഇനിയും വളർന്നിട്ടില്ല. വി. പി. സിംഹിന് ധാരാളം ബഹുജനപ്പിൻതുണ ഹിന്ദിമേഖലയിൽ ഉണ്ടെന്നു പറയപ്പെടുന്നു. പക്ഷേ, ഈ പിൻതുണയെ ഒരു സംഘടനയാക്കി മാറ്റാൻ അദ്ദേഹത്തിനു സാധിച്ചിട്ടില്ല. ഈ മൂന്നു പാർട്ടികളും അവശിഷ്ട കോൺഗ്രസ്സും സംയോജിപ്പിച്ച് രൂപവൽകരിക്കാനിരിക്കുന്ന 'സമാജവാദി ജനതാദൾ' ഒരു പാർട്ടിയായി നിലനില്ക്കുമോ? സംശയമാണ്.

കോൺഗ്രസ്സിന് എതിരായ പാർട്ടികളിൽ ഇനി എടുത്തുപറയേണ്ട പേർ ഭാരതീയ ജനതാപാർട്ടി (ബി. ജെ. പി.) യുടേതാണ്. ഈ പാർട്ടിക്കകത്തുമുണ്ട് ആർ. എസ്. എസിനോടു ചേർന്നുനില്ക്കുന്ന ഒരു വിഭാഗവും ആർ. എസ്. എസിനെ എതിർക്കുന്ന ഒരു വിഭാഗവും. എങ്കിലും ആർ. എസ്. എസിന്റെ പിന്തുണയില്ലാതെ ബി. ജെ. പി. ക്കു നിലനില്പില്ല എന്നതാണ് യാഥാർത്ഥ്യം. ഇപ്പോൾ 'ശിവസേന' എന്ന ഒരു പുതിയ ഘടകംകൂടി രംഗത്തുവന്നിരിക്കുന്നു. ആർ. എസ്. എസ്സും ശിവസേനയുമായി ഉള്ള കൂട്ടുകെട്ടുകൊണ്ടാവാം മറ്റു പാർട്ടികൾ ബി. ജെ. പി. യെ കൂട്ടി തൊടുവിക്കാതെ അകറ്റിനിർത്തിയിരിക്കയാണ്.

താരതമ്യേന അച്ചടക്കമുള്ള ഇടതുപക്ഷപാർട്ടികളുടെ കാര്യമാണ് ഇനി പരിഗണിക്കാനുള്ളതു്. മാർക്സിസ്റ്റ്പാർട്ടി, സി. പി. ഐ, ആർ. എസ്. പി., ഫോർവേർഡ് ബ്ലോക്ക് എന്നിവ ചേർന്ന കൂട്ടുമുന്നണികൾക്ക് ചില പ്രദേശങ്ങളിൽ കുറെയൊക്കെ സ്വാധീനമുണ്ടായിരിക്കാം. എന്നാൽ, തനിച്ച് വലതുപക്ഷപാർട്ടികളെ നേരിടാൻവേണ്ട ശക്തി ഈ പാർട്ടികൾക്കില്ല. അടുത്തകാലത്ത് ബംഗാളിലെ ഭരണമുന്നണിക്കകത്തുണ്ടായ തൊഴുത്തിൽക്കുത്തുകൾ തെളിയിച്ചതു്, ഇടതുപക്ഷൈക്യം വളരെ വലിയ അളവോളം മിഥ്യയാണത്രേ. ആന്ധ്രപ്രദേശിൽ മാർക്സിസ്റ്റുപാർട്ടി എൻ. ടി. രാമറാവുവിനെ അനുകൂലിക്കുമ്പോൾ സി. പി. ഐ. രാമറാവുവിനെ എതിർക്കുകയാണുചെയ്യുന്നതു്. ഇത്തരം വൈരുദ്ധ്യങ്ങൾ ഇടതുപക്ഷപാർട്ടികളിൽ വേറെയും കാണാം.

ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗും ജമായത്തെ ഇസ്ലാമിയുംപോലുള്ള വർഗ്ഗീയപ്പാർട്ടികൾ' ദ്രാവിഡകഴകങ്ങളും 'തെലുഗുദേശ'വും അസംഗണപരിഷത്തും

കാശ്മീർ നാഷണൽ കോൺഫറൻസും പോലെയുള്ള പ്രാദേശികപാർട്ടികൾ മുതലായവയാണ് പിന്നീട് പരിഗണിക്കപ്പെടേണ്ടവ. ഒരു തലയും ഒരു വാലുമുള്ള ധൂമകേതുപോലെ, ഒരു നേതാവും ഏതാനും അനുയായികളും മാത്രമുള്ള ചെറുപാർട്ടികൾ വേറെയുമുണ്ട്. തിരഞ്ഞെടുപ്പുകാലത്ത് മുന്നണികളിൽ കടന്നുകൂടി, നിയമസഭകളിൽ ഏതാനും സീറ്റുകളും മന്ത്രിസഭയിലും കോർപ്പറേഷനുകളിലും ഒന്നോ രണ്ടോ കസേരകളും കൈക്കലാക്കുകയെന്ന പരിമിതലക്ഷ്യമേ ഇവയ്ക്കെല്ലാമുള്ളു. പ്രവർത്തനക്ഷമമായ ഒരു ജനാധിപത്യഭരണം നാട്ടിൽ ഉണ്ടാക്കി നിലനിർത്താൻ ഒരു സംഭാവനയും ഈ ഈർക്കിൽപ്പാർട്ടികൾ നൽകുന്നില്ല.

ഒരു പാർട്ടിയെന്ന നിലയിൽ കോൺഗ്രസ്സിനു പല ന്യൂനതകളുമുണ്ട്. പക്ഷേ, എതിർപക്ഷത്തുള്ള ഒരു പാർട്ടിയും കോൺഗ്രസ്സിനെക്കാൾ മെച്ചമെന്നു പറയാനില്ല. ശരിയായ മെംബർപട്ടികയോ യഥാകാലം തിരഞ്ഞെടുത്ത പദവിധാരികളോ പരിപാടികൾ ആസൂത്രണംചെയ്തു നടപ്പിൽ വരുത്തുന്നതിനുള്ള ജനാധിപത്യസംവിധാനമോ ആശയങ്ങൾ മുകളിൽനിന്നു താഴോട്ടും താഴെനിന്നു മേലോട്ടും ഒഴുകുന്നതിനുള്ള സൗകര്യമോ ഒരു പാർട്ടിയിലുമില്ല. ഈ പാർട്ടികളെല്ലാം എങ്ങനെ പണം ശേഖരിക്കുന്നു എന്നത് ഒരു പരമരഹസ്യമാണ്. പാർട്ടിഫണ്ടുകളിൽ—എല്ലാ പാർട്ടികളുടെയും ഫണ്ടുകളിൽ—വളരെ വലിയ ഒരു ശതമാനം കള്ളപ്പണമാണെന്ന് പൊതുജനങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ അതിന് അവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. സ്വന്തം പാർട്ടിയുടെ കണക്കുകൾ പരസ്യമായി പ്രഖ്യാപിക്കാനുള്ള ധൈര്യം ഇന്ത്യയിൽ ഇന്ന് ഏതു പാർട്ടിക്കുണ്ട്?

ഇന്ത്യയിൽ ജനാധിപത്യത്തിനു ഭദ്രമായ അടിസ്ഥാനമുണ്ടാക്കാൻ ഇന്നു നിലവിലുള്ള പാർട്ടിസംവിധാനങ്ങൾ പര്യാപ്തങ്ങളല്ല. പക്ഷേ, വോട്ടർമാർ നിസ്സഹായരാണ്. തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടശേഷം പാർട്ടികൾ ഒറ്റയ്ക്കോ കൂട്ടുചേർന്നോ നിർത്തുന്ന കുറ്റിച്ചൂലുകൾക്ക് വോട്ടുചെയ്യാനോ ചെയ്യാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം മാത്രമല്ലേ വോട്ടർമാർക്കുള്ളൂ?

(8 ഒക്ടോബർ, 1988)

# 28. ബോഫോർസ് കോഴ

'ഒരു കറയും പുരളാത്ത വ്യക്തി' (മിസ്റ്റർ ക്ലീൻ) എന്ന പ്രശസ്തിയുമായാണ് 1984 നവംബറിൽ ശ്രീ രാജീവ്ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയായി ഭരണസാരഥ്യം ഏറ്റെടുത്തത്. ഇന്ത്യയുടെ പ്രധാനമന്ത്രിമാരിൽ ഏറ്റവുമധികം അഴിമതിയാരോപണങ്ങൾക്കു വിധേയനായ വ്യക്തി എന്ന കുപ്രസിദ്ധി നിർഭാഗ്യവശാൽ ഇതിനകം അദ്ദേഹത്തിനു കൈവന്നിരിക്കുന്നു.

ശ്രീ രാജീവ്ഗാന്ധിക്കെതിരായ അഴിമതിയാരോപണങ്ങൾക്കു വഴി തുറന്നുകിട്ടിയതു് തീരെ പ്രതീക്ഷിക്കാത്ത ഒരിടത്തുനിന്നാണ്. സ്വീഡനിലെ നോബൽസ്ഥാപനങ്ങളിൽ ഒന്നായ 'ബോഫോർസ്' എന്ന ആയുധക്കമ്പനിയിൽനിന്ന് ആയിരക്കണക്കിനു കോടിരൂപ വിലവരുന്ന പീരങ്കികൾ വാങ്ങാൻ ഇന്ത്യാഗവണ്മെന്റ് കരാറുണ്ടാക്കിയിരുന്നു. ഇടത്തട്ടുകാരെ കൂട്ടിത്തൊടുവിക്കാതെ സ്വീഡിഷ് പ്രധാനമന്ത്രിയുടെ സഹായത്തോടെ ഇന്ത്യാഗവണ്മെന്റും ബോഫോർസ് കമ്പനിയും തമ്മിൽ നേരിട്ട് ആലോചിച്ച് ഉണ്ടാക്കിയ ഈ കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് ഏജന്റുമാർക്കു കമ്മീഷൻ നൽകുന്നതല്ലെന്നും, കമ്മീഷൻ തുക പീരങ്കികളുടെ വിലയിൽ കുറവുചെയ്തിട്ടുണ്ടെന്നും ഇന്ത്യയിൽ പ്രഖ്യാപിക്കപ്പെട്ടിരുന്നു.